സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

Travancore Devaswom Board Officers' & Servants' Service Rules 2022 – Driver cum Office Attendent Grade II – യോഗ്യതയിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 7373/22/Est-1** നന്തൻകോട് **31/03/2023**

---

പരാമർശം ഃ– ദേവസ്വം കമ്മീഷണറുടെ 16–03–2023 ലെ ROC 23188/23/Est-A നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ Driver cum Office Attendent Grade II തസ്തികയിലേക്കുള്ള നിയമനത്തിന് Travancore Devaswom Board Officers' & Servants' Service Rules 2022 ൽ ഡ്രൈവിംഗിനുള്ള പ്രാവീണ്യം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന പ്രായോഗിക പരിശോധനയിൽ തെളിയിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണെന്നും ടി തസ്തികയിലേക്കുള്ള ബൈട്രാൻസ്ഫർ നിയമനത്തിന് ദേവസ്വം ഉദ്യോഗസ്ഥർ മുഖേന പ്രായോഗിക പരിശോധന നടത്തണമെന്നാവശ്യപ്പെട്ട് ജീവനക്കാർ അപേക്ഷ ഹാജരാക്കിയിട്ടുള്ളതാണെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ബൈട്രാൻസ്ഫർ നിയമനങ്ങൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേന നടത്തുന്നില്ല എന്നതിനാൽ ഡ്രൈവിംഗ് പ്രായോഗിക പരിശോധന ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ മുതിർന്ന ഡ്രൈവറുടെ സഹായത്തോടെ നടത്തുന്നത് സംബന്ധിച്ച് ഉത്തരവുണ്ടാകണമെന്നും വിവരിച്ച് ദേവസ്വം കമ്മീഷണറുടെ പരാമർശം റിപ്പോർട്ട് ലഭിച്ചു.

ടി വിഷയം ബോർഡ് പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

Driver cum Office Attendent Grade II തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനം നടത്തുന്നതിലേക്കായി ഡ്രൈവിംഗ് പ്രാവീണ്യം തെളിയിക്കുന്നതിനുള്ള പ്രായോഗിക പരീക്ഷ ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ നടത്തുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു.

(മറുപുറം)

Travancore Devaswom Board Officers' & Servants' Service Rules 2022 ൽ മേൽ പ്രകാരമുള്ള ഭേദഗതി വരുത്തുന്നതിന് നിയമവിഭാഗത്തെ ചുമതലപ്പെടുത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ലാ ആഫീസർ
3. ഐ. റ്റി. ഡിവിഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK